


# ബജറ്റ് നൽകുന്നത് തെറ്റായ ചികിത്സ



**സമ്പദ് വ്യവസ്ഥയെ ശരിയായ നടപടികളിലൂടെ മെച്ചപ്പെടുത്തേണ്ടതിനു പകരം കൂടുതൽ പ്രശ്നങ്ങളിലേക്ക് എത്തിക്കുന്നതാണ് കേന്ദ്ര സർക്കാരിന്റെ ബജറ്റെന്ന് ലേഖകൻ വിശദീകരിക്കുന്നു**

**ടിനി ഫിലിപ്പ്**

കേന്ദ്ര ബജറ്റ് ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ എങ്ങനെ സഹായിക്കുമെന്ന് താൽപ്പര്യത്തോടെ നോക്കിയിരിക്കുകയായിരുന്നു പല സംരംഭകരും. ചികിത്സ ആവശ്യമുള്ള ഒരു രോഗിയെന്ന പോലെയാണ് ഞാൻ സമ്പദ്വ്യവസ്ഥയെ നോക്കിക്കാണുന്നത്. അതുകൊണ്ടു തന്നെ അഞ്ചു പ്രത്യേക ഭാഗങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഇന്ത്യൻ സമ്പദ്വ്യവസ്ഥയ്ക്ക് എന്താണ് സംഭവിച്ചിരിക്കുന്നത് എന്ന് കണ്ടെത്തുകയാണ് ആദ്യ ഭാഗത്തിൽ. അതിനുശേഷം ശരിയായ ചികിത്സ ലഭിച്ചില്ലെങ്കിൽ സമ്പദ്വ്യവസ്ഥയ്ക്ക് എന്തു സംഭവിക്കുമെന്നു നോക്കാം. പിന്നെ സമ്പദ്വ്യവസ്ഥ മെച്ചപ്പെടുത്താൻ എന്തു ചികിത്സയാണ് വേണ്ടതെന്ന് വിശദീകരിക്കാം. കഴിഞ്ഞ ഏതാനും മാസങ്ങളായി, ബജറ്റിലെ നടപടികൾ ഉൾപ്പടെ കേന്ദ്ര സർക്കാർ എന്തൊക്കെ നടപടികളാണ് എടുത്തിരിക്കുന്നതെന്ന് ശേഷം വിശദമാക്കാം. അവസാനമായി, ഭാവിയിൽ ഇന്ത്യൻ സമ്പദ്വ്യവസ്ഥയ്ക്ക് എന്തു സംഭവിക്കുമെന്ന പ്രവചനത്തിനായി ശ്രമിക്കാം.

## രോഗനിർണയം

കഴിഞ്ഞ ആറുപാദങ്ങളിലായി ജിഡിപി വളർച്ചാ നിരക്ക് കുത്തനെ, എട്ട് ശതമാനത്തിൽ നിന്ന് 4.5 ശതമാനത്തിലേക്ക് ഇടിഞ്ഞിരിക്കുകയാണ്. തൊഴിലില്ലായ്മ നിരക്ക് F-Y17ൽ രണ്ട് ശതമാനമായിരുന്നുവെങ്കിൽ F-Y18ൽ 6.1 ശതമാനമായി വർധിച്ചു. ഇത് 45 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കാണ്. സിഎംഐഇ ഡാറ്റ പ്രകാരം 2018 ൽ രാജ്യത്ത് 1.1 കോടി തൊഴിൽ നഷ്ടപ്പെട്ടു. സിഎംഐഇയുടെ കണക്ക് പ്രകാരം F-Y19-, F-Y20ലും തൊഴിലില്ലായ്മ നിരക്ക് കൂടിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 40 വർഷത്തിനിടയിൽ ഇതാദ്യമായി ഗ്രാമീണ മേഖലയിൽ ഉപഭോക്തൃ ചെലവിടലും കുറഞ്ഞുവരുകയാണ്. ഭക്ഷണ സാധനങ്ങൾ പോലുള്ള അവശ്യവസ്തുക്കളുടെ ഉപഭോഗം പോലും ആളുകൾ കുറച്ചിരിക്കുന്നു. രാജ്യത്തെ വാഹന വിൽപ്പന 2019 ൽ കാര്യമായി കുറഞ്ഞു. കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ അറ്റ ലാഭത്തിലും 2020 സാമ്പത്തിക വർഷത്തിൽ വലിയ ഇടിവ് ഉണ്ടായി. ലിസ്റ്റ് ചെയ്യപ്പെട്ടമിക്ക കമ്പനികളുടെയും ഓഹരി വിലയും കുറഞ്ഞു കൊണ്ടിരിക്കുന്നു.

രാജ്യത്തെ 30 വൻകിട കമ്പനികളെയെടുത്താൽ കഴിഞ്ഞ രണ്ടു വർഷം കൊണ്ട് ബിഎസ്ഇ സെൻസെക്സ് 20 ശതമാനം വർധിച്ചിട്ടുണ്ടെങ്കിലും 150മിഡ്കാപ്കമ്പനികളുടെ പ്രകടനം 15.3 ശതമാനവും 250 സ്മോൾ കാപ് കമ്പനികളുടേത് 32.9 ശതമാനവും ഇതേ കാലയളവിൽ കുറഞ്ഞിരിക്കുന്നതായി കാണാം.

ഇന്ത്യ ഒരു വികസ്വരരാഷ്ട്രമാണ്. കാർഷികവൃത്തിയിൽ ഉൾപ്പടെ വലിയൊരു അസംഘടിത മേഖല ഇവിടെയുണ്ട്. ജിഡിപിയുടെ 45 ശതമാനവും സംഭാവന ചെയ്യുന്നത് ഈ അസംഘടിത മേഖലയാണ്. തൊഴിലാളികളിൽ 94 ശതമാനവും ജോലി ചെയ്യുന്നതും അസംഘടിത മേഖലയിലാണ്.

**Figure 1: Fund Infusion in State-Run Banks**




## ജിഡിപിയുടെ കാണാപ്പുറം

അസംഘടിത മേഖലയിൽ നിന്നുള്ള സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നത് ഓരോ അഞ്ചു വർഷം കൂടുമ്പോഴുമാണ് (Reference years). അതേസമയം സംഘടിത മേഖലയിൽ നിന്നുള്ള വിവരങ്ങൾ ഓരോ പാദത്തിലും വർഷത്തിലും ശേഖരിക്കുന്നുണ്ട്.

ഈ അഞ്ചു വർഷത്തിനിടയിൽ (reference years) ജിഡിപി കണക്കാക്കുമ്പോൾ അസംഘടിത മേഖലയുടെ വളർച്ചാ നിരക്ക് കണക്കുകൂട്ടുന്നത് സംഘടിത മേഖലയുടെ വളർച്ചാ നിരക്ക് തുലനം ചെയ്താണ്.

മിക്ക സാമ്പത്തിക സ്ഥിതിയും സംഘടിത മേഖലയെയും അസംഘടിത മേഖലയെയും ഒരുപോലെയാണ് ബാധിക്കുക എന്നതിനാൽ പൊതുവേ സ്വീകരിക്കപ്പെടുന്ന രീതിയാണിത്.

എന്നാൽ ഇന്ത്യയുടെ കാര്യത്തിൽ, നോട്ട് പിൻവലിക്കൽ, ജിഎസ്ടി നടപ്പാക്കൽ, ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിസന്ധി തുടങ്ങിയ പല വിധത്തിലുള്ള പ്രഹരങ്ങൾ സംഘടിത മേഖലയേക്കാൾ അസംഘടിത മേഖലയെ ബാധിച്ചിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത്, സംഘടിത മേഖലയിലെ വളർച്ചാ നിരക്ക് അസംഘടിത മേഖലയിലെ വളർച്ചാ നിരക്കിന്റെ പ്രോക്സി എന്ന നിലയിൽ എടുക്കുന്നതിൽ സാംഗത്യമില്ല എന്നതാണ്.

ഇന്ത്യയുടെ യഥാർത്ഥ ജിഡിപി വളർച്ചാ നിരക്ക് കണ്ടെത്തുന്നതിന് അസംഘടിത മേഖലയിലെ യഥാർത്ഥ വളർച്ചാ നിരക്ക് കണക്കാക്കേണ്ടതുണ്ട്.

94 ശതമാനം പേർ തൊഴിലെടുക്കുന്ന മേഖലയാണ് അസംഘടിത മേഖലയെന്നതു കൊണ്ട്, രാജ്യത്തെ തൊഴിലവസരങ്ങളിൽ ഉണ്ടായ വളർച്ച കണ്ടെത്തുകയാണ് ഈ രംഗത്തെ വളർച്ചാ നിരക്ക് കണ്ടെത്തുന്നതിനുള്ള ഒരു വഴി. ലഭ്യമായ വിവരങ്ങളിൽ നിന്ന് വ്യക്തമാകുന്നത് തൊഴിലിനു പകരം തൊഴിലില്ലായ്മയാണ് വർധിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ, അസംഘടിത മേഖലയിൽ ഓരോ വർഷവും -5 ശതമാനം വളർച്ചയാണ് ഉണ്ടാകുന്നതെന്ന് കണക്കുകൂട്ടാം.

ഇന്ത്യയുടെ ജിഡിപി വളർച്ചാ കണക്കുകൾ 2.5 ശതമാനം പെരുപ്പിച്ചാണ് കാണിച്ചിരിക്കുന്നതെന്ന്, മോദി സർക്കാരിന്റെ മുൻ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് അരവിന്ദ് സുബ്രഹ്മണ്യൻ അഭിപ്രായപ്പെട്ടിരുന്നു. അത് ശരിയാണെങ്കിൽ, 2020 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിലെ ജിഡിപി വളർച്ചാ നിരക്ക് 4.5 ശതമാനത്തിൽ നിന്ന് രണ്ടു ശതമാനമാക്കി മാറ്റേണ്ടി വരും.

ഓർക്കുക, ഈ വളർച്ച നിരക്ക് സംഘടിത മേഖലയുടേതാണ്. സംഘടിത മേഖലയുടെയും അസംഘടിത മേഖലയുടെയും വളർച്ചാ നിരക്ക് യോജിപ്പിച്ച് പറയുകയാണെങ്കിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥ മാന്ദ്യം നേരിടുകയാണ്.

## ഏതു തരത്തിലുള്ള മാന്ദ്യത്തിലാണ് നമ്മൾ?

രണ്ടു തരത്തിലുള്ളമാന്ദ്യമാണ് സാധാരണയായി ഉള്ളത്. സപ്ലൈയിൽ ഉണ്ടാകുന്ന പ്രഹരം മൂലമുള്ള മാന്ദ്യവും ഡിമാൻഡിലെ പ്രഹരം ഉണ്ടാക്കുന്ന മാന്ദ്യവും.

ഇപ്പോൾ രാജ്യത്തുള്ളത് ഡിമാന്റ് സൈഡ് മാന്ദ്യമാണെന്ന് വ്യക്തമാണ്. നോട്ട് പിൻവലിക്കൽ നടപടിയും അതിനു പുറമേ ജിഎസ്ടിയും എൻബിഎഫ്സി പ്രതിസന്ധിയും മൂലം ഡിമാന്റിൽ കുറവ് വന്ന് ഉണ്ടായ മാന്ദ്യമാണിത്.

സർക്കാർ ശരിയായ നടപടി ഉടനെ കൈക്കൊണ്ടില്ലെങ്കിൽ സമ്പദ്വ്യവസ്ഥ തകർന്നടിയുകയും സാമ്പത്തിക തകർച്ച (ദീർഘകാലം നീണ്ടുനിൽക്കുന്ന മാന്ദ്യം) യിലേക്ക് നീങ്ങുകയും ചെയ്യുന്ന മൾട്ടിഷോക്ക് ഡിമാന്റ് മാന്ദ്യത്തിലേക്ക് നീങ്ങും.

**Figure 2: Manufacturing Sector Capacity Utilizations**




## എങ്ങനെയാണിത് സംഭവിക്കുക?

ഡിമാന്റ് കുറയുമ്പോൾ ദുർബലമായ സംരംഭങ്ങൾ പൂട്ടിപ്പോകുകയും ആളുകൾക്ക് ജോലി നഷ്ടമാകുകയും ചെയ്യും.